നം. ഇ-1646/എസ്റ്റാബി3/2021/സിആർഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ.പി.ഒ,തിരുവന
mail.crd@kerala.gov.in ,
crdkerala@gmail.com
ഫോൺ : 0471-2314526
തീയതി : 18/05/2022

ഗ്രാമവികസന കമ്മീഷണർ

എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും/ഇ.റ്റി.സി പ്രിൻസിപ്പൽമാർക്കും
എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
എല്ലാ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കും

സർ,

വിഷയം :- ഗ്രാമവികസന വകുപ്പ്- ജീവനക്കാര്യം- 2022 വർഷത്തെ പൊതുസ്ഥലമാറ്റം - സംബന്ധിച്ച്

സൂചന:- 1. സ്പാർക്കിൽ നിന്നുള്ള 18/05/2022 ലെ ഇ മെയിൽ സന്ദേശം.
2. 16/05/2022 ലെ ഇതേ നമ്പർ സർക്കുലർ

==========

ഗ്രാമവികസന വകുപ്പിലെ 2022 വർഷത്തെ ഓൺലൈൻ പൊതുസ്ഥലമാറ്റത്തിന്റെ നോട്ടിഫിക്കേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ rdd.lsgkerala.gov.in-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതോടൊപ്പം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചന(2) സർക്കുലറിൽ **II.ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ 8, 9 ക്രമ നമ്പറുകളിൽ സൂചിപ്പിച്ചിട്ടുള്ള ചുവടെ കാണിച്ചിട്ടുള്ള ഓപ്ഷനുകൾ സ്പാർക്കിൽ നിന്നും disable ചെയ്തിരിക്കുകയാണ് എന്ന് സൂചന (1) പ്രകാരം അറിയിച്ചിട്ടുണ്ട്.**

8. സ്ഥലം മാറ്റം ആവശ്യമുള്ള ഉദ്യോഗസ്ഥർ അപേക്ഷ ഫാറത്തിലെ ക്രമ നമ്പർ 19-ൽ Whether Transfer is required' എന്ന കളത്തിൽ 'yes' എന്ന് സെലക്ട് ചെയ്തശേഷം ക്രമ നമ്പർ 20-ൽ സ്ഥലംമാറ്റം ആവശ്യമുള്ള സ്ഥലങ്ങൾ മുൻഗണനാ ക്രമത്തിൽ ഓപ്ഷൻ നൽകാവുന്നതാണ്. ഗ്രാമവികസന വകുപ്പിന്റെ കീഴിലെ മൊത്തം സ്ഥാപനങ്ങൾക്കാനുപാതികമായി പരമാവധി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

9. സ്ഥലംമാറ്റം ആവശ്യമില്ലാത്തവരും, എന്നാൽ സ്ഥലംമാറ്റം ഉണ്ടാകാൻ സാദ്ധ്യതയു ള്ളവരുമായ ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം ഉണ്ടാകുകയാണെങ്കിൽ സ്ഥലംമാറ്റപ്പെടാൻ പരിഗണിക്കേണ്ട സ്ഥലങ്ങൾ മുൻഗണനാ ക്രമത്തിൽ ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. ആയതിനായി, അപേക്ഷ ഫാറത്തിലെ ക്രമ നമ്പർ 19-ൽ Whether Transfer is required' എന്ന കളത്തിൽ No' എന്ന് സെലക്ട് ചെയ്തതിനു ശേഷം ക്രമനമ്പർ 22-ൽ ഓപ്ഷനുകൾ മുൻഗണനാക്രമത്തിൽ സമർപ്പിക്കാവുന്നതാണ്.

ആയതിനാൽ 19 ൽ നിലവിൽ ലഭ്യമായ ഓപ്ഷനിലെ സൗകര്യപ്രദമായ സ്റ്റേഷനുകൾ തിരഞ്ഞെടുത്ത് അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്പാർക്കിൽ നിന്നും ലഭിച്ചിട്ടുള്ള പുതുക്കിയ മാന്വലിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

മേൽ സാഹചര്യത്തിൽ ഒരു സ്റ്റേഷനിൽ 3 വർഷത്തിലധികമായി തുടരുന്ന ഉദ്യോഗസ്ഥർ സൗകര്യപ്രദമായ സ്റ്റേഷനുകൾ ഓപ്റ്റ് ചെയ്തു കൊണ്ട് ഓൺലൈൻ സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്നതാണ് ഉചിതം. ഒരാൾക്ക് സ്ഥലം മാറ്റത്തിനായി എത്ര സ്റ്റേഷനുകൾ വേണമെങ്കിലും തെരഞ്ഞെടുക്കാവുന്നതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
എച്ച് നജീബ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഗ്രാമവികസന കമ്മീഷണർക്കുവേണ്ടി

പകർപ്പ്:- എല്ലാ സൂപ്രണ്ടുമാർക്കും, ഗ്രാമവികസന കമ്മീഷണറേറ്റ്

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്

D